പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 188

26/09/2011 ൽ മറുപടിക്ക്

## ഒരു രൂപാ നിരക്കിലുള്ള അരി വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | | ശ്രീ. ടി.എം.ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരു രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; | (എ) | ബി.പി.എൽ / എ.എ.വൈ വിഭാഗത്തിൽ പെട്ട സംസ്ഥാനത്തെ മുഴുവൻ കാർഡുടമകൾകും. സർക്കാർ അംഗീകൃത അനാഥാലയങ്ങളിലെ അന്തേവാസികൾക്കുമാണ് ഒരു രൂപ നിരക്കിലുള്ള അരി വിതരണം നടത്തിവരുന്നത്. |
| (ബി) | പ്രസ്തുത മാനദണ്ഡങ്ങളനുസരിച്ച് എത്ര പേർക്കാണ് അരി വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളത് ; | (ബി) | സർക്കാർ അംഗീകൃത അനാഥാലയ-ങ്ങളിലെ അന്തേവാസികൾക്കു പുറമേ സംസ്ഥാനത്തെ 14.61 ലക്ഷം ബി.പി.എൽ കാർഡുടമകൾക്കും 5.96 ലക്ഷം എ.എ.വൈ കുടുംബങ്ങൾക്കും ഒരു രൂപ നിരക്കിൽ അരി വിതരണം ചെയ്തു വരുന്നു. |
| (സി) | സംസ്ഥാന സർക്കാരിന്റെ ബി.പി.എൽ. ലിസ്റ്റിൽ എത്രപേർ ഉൾപ്പെട്ടിട്ടുണ്ടെന്നും അവരിൽ എത്ര പേർക്ക് ഈ ആനുകൂല്യം ലഭ്യമാക്കുന്നുണ്ടെന്നും അറിയിക്കുമോ ; | (സി) | നിലവിലെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 14.61 ലക്ഷം ബി.പി.എൽ കുടുംബങ്ങൾക്കും 5.96 ലക്ഷം എ.എ.വൈ കുടുംബങ്ങൾക്കുമാണ് 1/- രൂപ നിരക്കിൽ അരി വിതരണം നടത്തി വരുന്നത്. |

| | | | |
|---|---|---|---|
| (ഡി) | എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് ഈ ആനുകൂല്യം ലഭ്യമാക്കുന്നുണ്ടോ? | (ഡി) & (ഇ) | ഇല്ല. |
| (ഇ) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |
| (എഫ്) | എല്ലാ ബി.പി.എൽ., എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കും ഈ ആനുകൂല്യം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ? | (എഫ്) | എ.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് ഈ ആനുകൂല്യം ലഭ്യമാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.